പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1028** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യലഭ്യത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട്ടിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. ശാസ്ത്രീയ പഠനങ്ങളും വാർഷിക മത്സ്യ കണക്കെടുപ്പുകളും (Fish Count) സൂചിപ്പിക്കുന്നത് കായലിലെ തനത് മത്സ്യ ഇനങ്ങളുടെ എണ്ണത്തിലും മൊത്തം ഉൽപ്പാദനത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട് എന്നാണ്.

1970-80 കാലഘട്ടങ്ങളിൽ 200 മുതൽ 300 വരെ ഇനം മത്സ്യങ്ങൾ ഉണ്ടായിരുന്ന വേമ്പനാട് കായലിൽ, 2026ലെ സർവേയിൽ 63 ഇനം ഫിൻഫിഷുകളും 10 ഇനം ഷെൽഫിഷുകളും മാത്രമാണ് കണ്ടെത്താനായത്. ആറ്റുകൊഞ്ച് (Macrobrachium _rosenbergii) മത്സ്യത്തെ തുടർച്ചയായ രണ്ടാം വർഷവും സർവേയിൽ ഒന്നുപോലും കണ്ടെത്താനായില്ല.

ഇതിലേക്ക് നയിച്ച പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

**തണ്ണീർമുക്കം ബണ്ടിന്റെ സ്ഥാപനം:**

കായലിലെ സ്വാഭാവിക ഉപ്പുവെള്ളത്തിന്റെ ഒഴുക്കിനെ തടയുകയും മത്സ്യങ്ങളുടെ പ്രജനനത്തിനായുള്ള കുടിയേറ്റ പാതകളെയും, പ്രജനനത്തെയും ബാധിക്കുകയും ചെയ്യുന്നു.

**അധിനിവേശ മത്സ്യങ്ങളുടെ വർദ്ധനവ്:**

സക്കർ മാത്ത് ക്യാറ്റ്ഫിഷ് (Hypostomus plecostomus), റെഡ് ബെല്ലി (Piaractus brachypomus) തുടങ്ങിയ വിദേശ അധിനിവേശ മത്സ്യങ്ങൾ കായലിൽ പെരുകുകയും അവ തനത് മത്സ്യങ്ങളുടെ മുട്ടകളെയും കുഞ്ഞുങ്ങളെയും ആഹാരമാക്കുകയും ചെയ്യുന്നത് തദ്ദേശീയ മത്സ്യങ്ങളുടെ വംശവർദ്ധനവിന് വലിയ ഭീഷണിയാകുന്നുണ്ട്.

**കായലിന്റെ ആഴം കുറയുന്നത്:**

വൻതോതിലുള്ള എക്കൽ അടിഞ്ഞും, കൈയേറ്റങ്ങളും മൂലം കായലിന്റെ സ്വാഭാവിക ആഴവും ജലസംഭരണ ശേഷിയും കുറയുന്നത് മത്സ്യങ്ങളുടെ വളർച്ചയെ ബാധിക്കുന്നു.

**ആവാസവ്യവസ്ഥയുടെ തകർച്ച:**

പായലുകളുടെ (Water hyacinth) അമിതവളർച്ച, ഹൗസ് ബോട്ടുകളിൽ നിന്നുള്ള എണ്ണമയവും, കായൽ മലിനീകരണവും, അമിതമായ രാസവള പ്രയോഗം എന്നിവ കുട്ടനാടൻ മേഖലയിലെ പ്രധാന ആവാസവ്യവസ്ഥാ വെല്ലുവിളികളാണ്.

**കാലാവസ്ഥാ വ്യതിയാനം:**

അസമയത്തുള്ള കനത്ത മഴയും വെള്ളപ്പൊക്കവും കാരണം കായലിലെ ലവണാംശത്തിൽ വൻ തോതിൽ വ്യതിയാനം സംഭവിക്കുകയും ആയത് കായലിന്റെ സവിശേഷമായ ജൈവവ്യവസ്ഥയെയും മത്സ്യങ്ങളുടെ പ്രജനനത്തെയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

**(ബി)** മത്സ്യലഭ്യതക്കുറവ് ഉൾനാടൻ മത്സ്യബന്ധനത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വേമ്പനാട് കായലിലെ മത്സ്യസമ്പത്തിന്റെ കുറവ് പരമ്പരാഗത നാടൻ മത്സ്യത്തൊഴിലാളികളുടെയും കക്കാ വാരൽ തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിച്ചതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന ആറ്റുകൊഞ്ച്, കരിമീൻ, പൂമീൻ, കണമ്പ്, നാരൻ ചെമ്മീൻ എന്നിവയുടെ ലഭ്യത കുറഞ്ഞതുമൂലം തൊഴിലാളികളുടെ ദൈനംദിന വരുമാനത്തിൽ വൻ ഇടിവുണ്ടായിട്ടുണ്ട്. ഉപജീവനമാർഗ്ഗം തടസ്സപ്പെട്ടതോടെ കായലിനെ മാത്രം ആശ്രയിച്ച് കഴിഞ്ഞിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. പലരും മെച്ചപ്പെട്ട വരുമാനം തേടി മറ്റ് നിർമ്മാണ-കൂലിപ്പണികളിലേക്ക് പോകാൻ നിർബന്ധിതരായിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതികൾ (Fish Ranching), കൃത്രിമ മത്സ്യ സങ്കേതങ്ങൾ (Fish Sanctuaries) ഒരുക്കൽ എന്നിവ നടപ്പിലാക്കുന്നുണ്ട്.

**(സി)** മുൻകാലങ്ങളിൽ മത്സ്യഭവൻ മുഖേന അത്യുല്പാദന ശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിരുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** ജില്ലാ പഞ്ചായത്ത് പദ്ധതികൾ മുഖേന വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട കടവുകളിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിവരുന്നു. ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം എന്ന പദ്ധതിക്കായി ആകെ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജില്ലയിൽ തിരഞ്ഞെടുത്ത 19 കടവുകൾ കേന്ദ്രീകരിച്ച് കരിമീൻ, ആറ്റുകൊഞ്ച്, കാർപ്പ് എന്നീ ഇനങ്ങളുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**